തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം. ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഗ്രാന്റ്. അംഗങ്ങൾ 5 വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് തൊഴിൽ അവസാനിപ്പിക്കുമ്പോൾ ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ നൽകാൻ വ്യവസ്ഥയുണ്ട്.

(ഡി) അന്യസംസ്ഥാനക്കാരായ മുഴുവൻ തൊഴിലാളികളെയും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി സത്വര നടപടി സ്വീകരിച്ചു വരുന്നു.

ബാലവേലയും ഭിക്ഷാടനവും തടയാൻ നടപടി

58 (T 1021) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടനത്തിനും ബാലവേലയ്ക്കുമായി അനധികൃതമായി കുട്ടികളെ കടത്തിക്കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ബാലവേല, ഭിക്ഷാടനം എന്നിവ പരിപൂർണ്ണമായി നിർത്തലാക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 14 വയസ്സു പൂർത്തിയാകാത്ത കുട്ടികളെ കൊണ്ട് ജോലി ചെയ്യിക്കുന്നതായി കണ്ട സന്ദർഭങ്ങളിൽ 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമപ്രകാരം തൊഴിലുടമക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ബാലവേല തടയുന്നതിനായി തൊഴിൽ വകുപ്പ് 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമം നടപ്പിലാക്കി വരുന്നു. നിയമത്തിൽ നിരോധിച്ചിട്ടുള്ള മേഖലകളിലെ ബാലവേല പരിപൂർണ്ണമായി നിർത്തലാക്കുവാൻ തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ സെമിനാറുകൾ, തെരുവ് നാടകങ്ങൾ, ആകാശവാണി, അനന്തപുരി എഫ്.എം. തുടങ്ങിയ പ്രക്ഷേപണ മാധ്യമങ്ങൾ മുഖേനയുള്ള സന്ദേശം എന്നിവ വഴി ബാലവേലയ്ക്കെതിരെ പൊതുജനബോധവത്കരണവും നടത്തുന്നുണ്ട്.

ബാലവേല അവസാനിപ്പിക്കുന്നതിന് നടപടി

59 (1022) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവേല പൂർണ്ണമായി അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യസംസ്ഥാനത്തിൽ നിന്നുള്ള ബാലൻമാർ വിവിധ നിർമ്മാണ ജോലികളിലും ഹോട്ടലുകളിലും പണിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലവേല ചെയ്യിക്കുന്നതിനെതിരായി എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമപ്രകാരം 14 വയസ്സുവരെയുള്ള കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് തടയുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിയമപരമായ പരിശോധനകൾ കൂടാതെ ബോധവൽക്കരണ പരിപാടികളും ഇതിലേക്കായി നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005-06 മുതൽ 2009-10 വരെ 3048 പരിശോധനകൾ നടത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 11 കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

നോക്കുകൂലി തർക്കങ്ങൾ

60 (1023) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും നോക്കുകൂലി സംബന്ധിച്ച തർക്കങ്ങൾ നിലനിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് പോലീസ് ഇടപെടൽ ഉണ്ടാകണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ ;

(സി) ഇത്തരം നിയമവിരുദ്ധ നടപടിയിൽ നിന്നു പിൻമാറുന്നതിന് അംഗീകൃത ട്രേഡ് യൂണിയനുകൾക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് ഇടപെടൽ ഉണ്ടാകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ വരുന്ന തൊഴിലാളികൾ അമിതകൂലിയോ നോക്കുകൂലിയോ വാങ്ങുന്നത് ശിക്ഷാർഹമാണെന്നും തൊഴിലാളികളുടെ രജിസ്ട്രേഷൻ വരെ റദ്ദു ചെയ്യുമെന്നുമുള്ള നിർദ്ദേശം ബോർഡിൽ നിന്ന് അംഗീകൃത ട്രേഡ് യൂണിയനുകൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly